(ബി) മുഖ്യമന്ത്രിയും മന്ത്രിമാരും വിവിധ സന്ദർഭങ്ങളിലായി സർക്കാരിനു വേണ്ടി പ്രഖ്യാപിച്ച പദ്ധതികളും പരിപാടികളും നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) പ്രഖ്യാപിത പദ്ധതികളുടെ വിശദവിവരവും അവ നടപ്പിലാക്കുന്നതിനായി അധിക വിഭവ സമാഹരണം നടത്തേണ്ടതായി വരുന്ന തുകയും എത്രയെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 100 ദിവസത്തെ കർമ്മ പരിപാടിയും ഒരു വർഷത്തെ ആക്ഷൻ പ്ലാനും മുഖ്യമന്ത്രി പ്രഖ്യാപിച്ചു. മറ്റു മന്ത്രിമാർ പ്രഖ്യാപിച്ച പരിപാടികളുടെ വിശദവിവരം ശേഖരിച്ചുവരുന്നു.

(ബി) 100 ദിവസത്തെ കർമ്മപരിപാടി പൂർത്തീകരിച്ചു. ഒരു വർഷത്തെ ആക്ഷൻ പ്ലാൻ നടപ്പിലാക്കിവരുന്നു. 100 ദിവസത്തെ പൂർത്തീകരിച്ച പരിപാടിയുടെ വിശദവിവരം അനുബന്ധമായി† ചേർക്കുന്നു.

(സി) ഒരു വർഷത്തെ ആക്ഷൻ പ്ലാനിന്റെ വിശദവിവരം അനുബന്ധമായി† ചേർക്കുന്നു. അധിക വിഭവസമാഹരണം ആവശ്യമായി വരുന്നില്ല. ബഡ്ജറ്റിനുള്ളിൽ നിന്ന് നടപ്പിലാക്കാനാവുന്ന പദ്ധതികളാണ് ഇപ്പോൾ നടപ്പിലാക്കുന്നത്.

തലസ്ഥാന വികസന പദ്ധതി

2 [3] *ശ്രീ. കെ. മോഹൻകുമാർ* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരമേഖലയിൽ നടപ്പിലാക്കിവരുന്ന തലസ്ഥാന വികസന പദ്ധതിപ്രകാരം ഏറ്റെടുത്തിട്ടുള്ള നിർമ്മാണപ്രവർത്തനങ്ങൾ ഏതെല്ലാമെന്ന് അറിയിക്കാമോ;

(ബി) ഇവയിൽ പൂർത്തിയാക്കിക്കഴിഞ്ഞവ ഏതെല്ലാം;

(സി) മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ഡി) ഇവ എന്നത്തേക്ക് പൂർത്തിയാക്കണമെന്നാണ് നിശ്ചയിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഇ) തലസ്ഥാന വികസന പദ്ധതി പ്രകാരമുള്ള വിവിധ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അനുബന്ധം – എ†–യിൽ കൊടുത്തിരിക്കുന്നു.

(ബി) പദ്ധതികളുടെ പൂർത്തീകരണം പുരോഗമിച്ചുവരുന്നു.

(സി) & (ഡി) അനുബന്ധം – എ†–യിൽ കൊടുത്തിരിക്കുന്നു.

(ഇ) തദ്ദേശസ്വയംഭരണ വകുപ്പിന്റെ പ്രവർത്തനങ്ങൾ കാലാകാലങ്ങളിൽ അതിനായുള്ള ക്യാബിനറ്റ് സബ്കമ്മിറ്റിയും എംപവേർഡ് കമ്മിറ്റിയും അവലോകനം ചെയ്യാറുണ്ട്. ഇതുകൂടാതെ, റോഡ് വികസനത്തിനായി സ്ഥലമെടുപ്പ് തർക്കപരിഹാര സമിതി, വിവിധ റീകുപ്പ് മേധാവികൾ ഉൾപ്പെടുന്ന യൂട്ടിലിറ്റി ഡിപ്പാർട്ടുമെന്റ് എന്നീ കമ്മിറ്റികളും പ്രവർത്തനം അവലോകനം ചെയ്യാറുണ്ട്.

പൊതുജന സമ്പർക്ക പരിപാടിയിൽ ലഭിച്ച നിവേദനങ്ങൾ

3 [5] *ശ്രീ. കെ. വി. മോഹനൻ:*

" *എ. സി. ഷൺമുഖദാസ്:*

ഡോ. എ. നീലലോഹിതദാസൻ നാടാർ:

ശ്രീ. സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ പൊതുജന സമ്പർക്ക പരിപാടിയിൽ ആകെ എത്ര നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) നൽകിയ ഉത്തരവുകളിൽ എത്രയെണ്ണം നടപ്പിലാക്കിയിട്ടുണ്ടെന്നുള്ള വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) മുഖ്യമന്ത്രിയുടെ പൊതുജന സമ്പർക്ക പരിപാടിയിൽ ആകെ 96,901 പരാതികൾ ലഭിച്ചു.

(ബി) നൽകിയ ഉത്തരവുകളിൽ 45,823 എണ്ണം നടപ്പിലാക്കിയിട്ടുണ്ട്.

നൂറുദിന കർമ്മപദ്ധതിയുടെ നിർവ്വഹണം

4 [6] *ശ്രീ. വി. കെ. ചന്ദ്രൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ പ്രഖ്യാപിച്ച 100 ദിവസത്തെ കർമ്മപദ്ധതികൾ ഏതൊക്കെയായിരുന്നു എന്നും പ്രഖ്യാപിച്ച പദ്ധതികൾ ഓരോന്നും ഇതിനകം എത്ര മാത്രം നടപ്പിൽവരുത്തിയിട്ടുണ്ടെന്നും വകുപ്പടിസ്ഥാനത്തിൽ വെളിപ്പെടുത്താമോ;

---

†അനുബന്ധം – III.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം III

[നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2 (3) കാണുക]

അനുബന്ധം (എ)

തലസ്ഥാന വികസന പദ്ധതിപ്രകാരം ഏറ്റെടുത്തിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദവിവരം

1. *വിഴിഞ്ഞം തുറമുഖ വികസന പദ്ധതി.*

ആഗോള ടെണ്ടർ ക്ഷണിക്കുകയും 18 കമ്പനികൾ ടെണ്ടർ ഫോറം വാങ്ങുകയും ചെയ്തു.

2. *തമ്പാനൂർ—ഈഞ്ചക്കൽ ബസ്സ്റ്റാന്റ് വികസന പദ്ധതി.*

ഈഞ്ചക്കൽ സ്ഥലമെടുപ്പിനായി വില നിർണ്ണയ നടപടി സ്വീകരിച്ചുവരുന്നു. ഈഞ്ചക്കൽ-തമ്പാനൂർ ബസ്സ്റ്റാന്റ് നിർമ്മാണ പ്രവർത്തനങ്ങൾ കെ.എസ്.ആർ.ടി.സി. നേരിട്ടോ സർക്കാർ സഹകരണത്തോടെയോ നടപ്പാക്കുന്നതിന് കെ.എസ്.ആർ.ടി.സി.-യുടെ ബോർഡ് തീരുമാനം പ്രതീക്ഷിക്കുന്നു.

3. *തിരുവനന്തപുരം—ടാഗോർ കൾച്ചറൽ സെന്റർ പുനർനിർമ്മാണം.*

ടെണ്ടർ ക്ഷണിച്ച് കോൺട്രാക്ടറെ തെരഞ്ഞെടുത്ത് പണി ഏൽപ്പിച്ചു കഴിഞ്ഞതാണ്. പക്ഷെ പണി തുടങ്ങുവാൻ കോൺട്രാക്ടർ വിസമ്മതിച്ചതിനാൽ രണ്ടാം ടെണ്ടറുകാരനെ പണി ഏൽപ്പിക്കുവാൻ ശ്രമിച്ചുവരുന്നു.

4. *തിരുവനന്തപുരം മൃഗശാലയിൽ വാക്ക്-ഇൻ-ഏവിയറി നിർമ്മാണം.*

പണി ടെണ്ടർ ചെയ്യാനുള്ള ശ്രമങ്ങൾ നടന്നുവരുന്നു.

5. *തിരുവനന്തപുരം നഗരത്തിൽ ആധുനിക വഴിവിളക്ക് സമ്പ്രദായം.*

കോൺട്രാക്ടറെ തെരഞ്ഞെടുത്ത് കഴിഞ്ഞു. പണി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

6. *ഖരമാലിന്യ സംസ്ക്കരണ പദ്ധതി.*

കോൺട്രാക്ടറെ തെരഞ്ഞെടുത്ത് കഴിഞ്ഞു. ഇനി നഗരസഭയുമായി എഗ്രിമെന്റ് വച്ച് പണി ആരംഭിച്ചാൽ മതി.

7. *ഇന്റർനാഷണൽ കൺവെൻഷൻ സെന്റർ നിർമ്മാണ പദ്ധതി.*

താൽപ്പര്യമുള്ള കമ്പനികളെ തെരഞ്ഞെടുക്കുവാൻ പരസ്യം നൽകിക്കഴിഞ്ഞു.

8. *കോവളം വികസന പദ്ധതി.*

പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

9. *വെളി---ആക്കുളം തടാകം ശുചീകരിക്കൽ പദ്ധതി*

25 കോടി രൂപയുടെ കേന്ദ്ര സഹായത്തിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ചർച്ച നടന്നുവരുന്നു.

10. *പാർവ്വതി പുത്തനാർ റോഡ് ശുചീകരിക്കൽ പദ്ധതി*

362.22 ലക്ഷം രൂപ കേന്ദ്ര സഹായം അനുവദിച്ചിട്ടുണ്ട്. സാങ്കേതികാനുമതി ലഭിച്ചുകഴിഞ്ഞാൽ ടെണ്ടർ ക്ഷണിക്കുന്നതാണ്. ജലസേചന വകുപ്പ് മുഖേനയാണ് ഇത് നിർവ്വഹിക്കുന്നത്.

11. *ശംഖുമുഖം ബീച്ച് വികസനം*

ബീച്ച് വികസന രൂപരേഖ തയ്യാറാക്കി കഴിഞ്ഞു.

12. *പുത്തരിക്കണ്ടം മൈതാന വികസന പദ്ധതി*

മൈതാനം വികസന രൂപരേഖ തയ്യാറാക്കി കഴിഞ്ഞു.

13. *വെള്ളയമ്പലം---ആൽത്തറ റോഡ് വികസന പദ്ധതി*

ടെണ്ടർ ക്ഷണിക്കൽ നടപടി പൂർത്തിയായിക്കഴിഞ്ഞു.

14. *പാങ്ങോട് ആധുനിക രീതിയിലുള്ള ഒരു മത്സ്യ ചന്ത നിർമ്മാണ പദ്ധതി*

പദ്ധതി രൂപരേഖ തയ്യാറായി വരുന്നു.

15. *തിരുവനന്തപുരത്ത് കുടിവെള്ളം കിട്ടാത്ത സ്ഥലത്ത് കുടിവെള്ളം എത്തിക്കാനുള്ള പദ്ധതി*

മൊത്തം 14 പ്രോജക്ടുകളിൽ 9 എണ്ണം പൂർത്തിയായി. ബാക്കി 5 എണ്ണത്തിന്റെ പണികൾ 75% പൂർത്തീകരിച്ചു.

16. *തമ്പാനൂർ---പഴവങ്ങാടി പ്രദേശത്ത് വെള്ളപ്പൊക്ക നിവാരണ പദ്ധതി*

പഴവങ്ങാടി- - 75 മീറ്റർ നീളമുള്ള കലുങ്ക് 30 മീറ്റർ നീളത്തിൽ പൊളിച്ച് 90 സെ. മീ. ഉയരം കൂട്ടി അതിനുമുകളിൽ പുതിയ സ്ലാബുകൾ നിരത്തി അതിനുമേൽ ഗതാഗതം ഏർപ്പെടുത്താനുള്ള നടപടി അന്തിമ ഘട്ടത്തിലാണ്. ബാക്കിയുള്ള കലുങ്കിന്റെ ഭാഗം പൊളിച്ച് ഉയരം കൂട്ടി പുതിയ സ്ലാബ് ഇട്ട് റോഡ് ഉയർത്തുന്ന

LIBRARY ARCHIVES Kerala Legislative Assembly

പണികൾ ആഗസ്റ്റ് 15-ഓടുകൂടി തീരുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിനോടനുബന്ധിച്ച് തകരപ്പറമ്പിലുള്ള കലുങ്കുകൾ പൊളിച്ചു മാറ്റിക്കഴിഞ്ഞു. ഈ രണ്ട് ഭാഗങ്ങളിലുണ്ടായിരുന്ന വാട്ടർ അതോറിറ്റിയുടെ പൈപ്പുകൾ അവർ ഉയർത്തി സ്ഥാപിച്ചിട്ടുണ്ട്.

17. *കരമന - കിള്ളി നദികളും ഉള്ളൂർ തോടും വെള്ളപ്പൊക്ക നിവാരണ പ്രവർത്തനവും സൗന്ദര്യവൽക്കരണവും*

തലസ്ഥാന മേഖലാ വികസന പരിപാടിയുടെ സർവ്വാധികാര സമിതിയുടെ അടുത്ത യോഗത്തിൽ അംഗീകാരത്തിന് സമർപ്പിക്കാൻ ഉദ്ദേശിക്കുന്നു.

18. *നഗരത്തിന്റെ റോഡ് വികസന പ്രവർത്തനം*

(i) 12 ബി.ഒ.റ്റി. റോഡുകളിൽ ഉദ്ദേശം 12 കി. മീ. നീളത്തിൽ 3 റോഡുകളിൽ പണികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ പാളയം അണ്ടർപാസ്സും ബേക്കറി ഫ്ളൈ ഓവറും നിർമ്മാണ ഘട്ടത്തിലാണ്.

(ii) പാളയം അണ്ടർപാസ്സ് ആഗസ്റ്റ് മദ്ധ്യത്തോടുകൂടിയും, ബേക്കറി ഫ്ളൈ ഓവർ 2008 മേയ്-ഓടുകൂടിയും മൊത്ത റോഡ് വികസന പദ്ധതി 2008 ഡിസംബറോടു കൂടിയും പൂർത്തിയാക്കാനാണ് നിശ്ചയിച്ചിരിക്കുന്നത്.

GPM. 2/564/2012—45

LIBRARY ARCHIVES Kerala Legislative Assembly